## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 714** — **11-06-2024 - ൽ മറുപടിയ്ക്ക്**

## മരിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മരിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (എ) | മരിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി (6MW, 14.84Mu) യുടെ നിർമ്മാണ പ്രവർത്തനങ്ങൾ, കെ.എസ്.ഇ.ബി.എൽ-. ന്റെ 30.03.2022- ലെ ഉത്തരവ് പ്രകാരം, പദ്ധതിക്ക് ആവശ്യമായ എല്ലാ വിഭാഗത്തിലുള്ള ഭൂമിയുടെയും ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയതിനു ശേഷം ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ വനഭൂമി കെ.എസ്.ഇ. ബി.എൽ-നു കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.<br><br>പദ്ധതിക്ക് ആവശ്യമായ സ്വകാര്യ ഭൂമിയുടെ 95% വും ഏറ്റെടുത്തിട്ടുണ്ട്. ബാക്കി രണ്ടു ഭൂവുടമകളിൽ നിന്നും RFCTLARR Act, 2013 പ്രകാരം ഭൂമി ഏറ്റെടുക്കുവാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ പുരോഗമിക്കുന്നു.<br><br>പദ്ധതിക്ക് ആവശ്യമായ ആദിവാസി ഭൂമി RFCTLARR Act, 2013 പ്രകാരം ഏറ്റെടുക്കുന്നത് കെ.എസ്.ഇ.ബി.എൽ പരിശോധിച്ചു വരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | സ്വീകരിക്കും.<br><br>പദ്ധതിക്ക് വേണ്ടിയുള്ള ടെൻഡർ നടപടികൾ എല്ലാം പൂർത്തീകരിച്ചു. പദ്ധതി നടപ്പാക്കാൻ വേണ്ട വനഭൂമി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ